# വാഗ്ദാനം

'ദൈവം നമ്മോടുകൂടെ'



Dubai Malayalee Catholic Congregation News Letter



വിണ്ണിൽ നിന്നും മണ്ണിലേക്കിറങ്ങിയ
ദൈവപുത്രന്റെ പ്രഥമ സക്രാരിയായ മറിയമെ,
ഞങ്ങളുടെ ഹൃദയം ഈശോയുടെ നിറവിലും
സാന്നിദ്ധ്യത്തിലും എന്നേയ്ക്കും ആയിരിക്കാൻ
ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ.

## എഡിറ്റോറിയൽ

പ്രിയ സഹോദരങ്ങളേ,

'ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കികൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന് ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു.' (ഫിലിപ്പി. 2: 6–8) ദൈവപുത്രൻ മനുഷ്യനായി പിറന്നതിന്റെ ഓർമ്മ ആഘോഷിക്കുന്ന നമുക്ക് പരസ്പരം ഹാപ്പി ക്രിസ്തുമസ്സ് ആശംസിക്കാം.

സ്നേഹമായ ദൈവം മാംസം ധരിച്ചതിന്റെ ഓർമ്മ, നമ്മെ ചെറുതാകലിന്റേയും, സംലഭ്യതയുടേയും സംസ്കാരത്തിലേക്കു ക്ഷണിക്കുന്നു. ഇന്നിന്റെ ഉപഭോഗ സംസ്കാരത്തിന്റെ അഥവാ കച്ചവട സംസ്കാരത്തിന്റെ നീരാളിപിടുത്തത്തിൽ സ്വാർത്ഥതയും ഇടുങ്ങിയ ചിന്താഗതികളും നമ്മെ സ്വാധീനിക്കുമ്പോൾ ഒരു ബദൽ സംസ്കാരമായി വളരുവാൻ ദൈവപൈതലിന്റെ തിരുപിറവി നമ്മെ ക്ഷണിക്കുന്നു.

തിരുപിറവി ആഘോഷിക്കുന്ന ഈ കാലയളവിൽ കാലിത്തൊഴുത്തിലെ ദിവ്യപൈതൽ നമ്മുടെ മുൻപിൽ വെച്ചുനീട്ടുന്ന ഒരു പ്രധാന ചോദ്യമാണ് – നിന്റെ മനസ്സിൽ അപരനു സ്ഥാനമുണ്ടോ? എന്നത്. പ്രാർത്ഥനയിലൂടെ നമ്മൾ അനുഭവിക്കുന്ന ദൈവസ്നേഹാനുഭവം, അപരനിലേക്ക് പകരട്ടെ, നമ്മുടെ കാഴ്ചപ്പാടുകൾ വിശാലമാകട്ടെ. അങ്ങനെ സന്മനസുകളുടെ ഉടമകളായി നാം മാറട്ടെ...

സ്നേഹത്തോടെ എല്ലാവർക്കും പിറവിതിരുന്നാളിന്റെ മംഗളങ്ങൾ



**ഫാ. അലക്സ് വാച്ചാപറമ്പിൽ**
avachacap@yahoo.com



# താളുകൾ മറിക്കുമ്പോൾ


**എഡിറ്റോറിയൽ** 3

**വചനം എന്റെ ജീവിതത്തിൽ** 5
- ലീനാ ജെയിംസ്

**ഉണ്ണീശോ ഒരു സ്നേഹ സമ്മാനം** 7
- നീതു ബാബു

**പാദങ്ങളിൽ** 9
- ഫ്രാങ്കോ സാജൻ

**നിന്നെ കരുതുന്ന ദൈവം** 11
- റീന മുതുകാട്ടിൽ

CHRIST-MASs (TREE) 12
- ലിവിയ

**സന്തോഷത്തിന്റെ സദ്വാർത്ത** 13
- അനുജ ബൈജു

**പുൽത്തൊഴുത്തിലെ ഉണ്ണി** 15
- പ്രിൻസി തോമസ്

**വരൂ... നമുക്ക് പുൽക്കൂട് ഒരുക്കാം** 16
- ഷെറിൻ അമൽ

**ക്രിസ്തുവിന്റെ തുടർജനനം കുടുംബങ്ങളിൽ** 17
- ഷാജൻ ആന്റണി

**രക്ഷകൻ** 19
- രാജൻ ഫ്രാൻസിസ്

**തിരക്കാണ് ഇന്ന് മനുഷ്യന്** 20
- ജോബി കുര്യാക്കോസ്



MALAYALEE CATHOLIC CONGREGATION
ST. MARY'S CHURCH, DUBAI
പത്രാധിപ സമിതി



**രക്ഷാധികാരി**
ഫാ. ലെന്നി കോന്നുള്ളി OFM Cap.

**ചീഫ് എഡിറ്റർ**
ഫാ. അലക്സ് വാച്ചാപറമ്പിൽ OFM Cap.

**എഡിറ്റോറിയൽ ബോർഡ്**
ഉഷ കുരിയൻ
ഷാജി ജോസഫ്
ബിരെൺ ഫിലിപ്പ്
ജൂഡ് ഷൈജു
ലൂക്കോസ് വി.ചെറിയാൻ
ജോസഫ് പുലിക്കോട്ടിൽ

**ഉപദേശക സമിതി**
ജോഷി മാത്യു
ബോബി ആന്റണി

**ടൈപ്പിംഗ്**
ജയൻ ക്രിസ്തുദാസൻ

**ആർട്ടിസ്റ്റ്**
ലിന്റോ തോമസ്
ജോമോൻ ജോൺ
റിറ്റോ വെള്ളറ

**സർക്കുലേഷൻ**
റോയി തട്ടിൽ



*vagdanam.dubai@gmail.com*



# വചനം
## എന്റെ ജീവിതത്തിൽ



ലീനാ ജെയിംസ്

സുവിശേഷത്തിലെ വാക്യങ്ങൾ എല്ലാം ചേർത്തുവെച്ച് - സ്നേഹം എന്ന് ചുരുക്കാം. പഴയനിയമത്തിൽ ദൈവത്തിന്റെ സ്നേഹത്തിന്റെയും കരുതലിന്റേതുമായ ഒരുപാട് അനുഭവങ്ങൾ നാം വായിക്കുന്നുണ്ട്. പുതിയ നിയമത്തിൽ ആകട്ടെ യേശുവിന്റെ ജീവിതവും പ്രവൃത്തികൾ എല്ലാംതന്നെ സ്നേഹത്തിന്റെ നിറവിലായിരുന്നു. മറ്റാരും സ്നേഹിക്കാൻ ഇല്ലാത്തവരെ, തന്നെ പീഡിപ്പിച്ചവരെ, ശത്രുക്കളെ സ്നേഹിക്കാൻ പഠിപ്പിക്കുന്ന, വേർതിരിവുകൾ ഇല്ലാത്ത സ്നേഹം നാം മനസ്സിലാക്കുന്നത് ബൈബിളിൽ നിന്നാണ്. നമ്മൾ അനുഭവിച്ചറിഞ്ഞ ആ സദ്വാർത്തയെക്കുറിച്ച് പറയുവാനും, ദൈവസ്നേഹം പങ്കുവയ്ക്കാനുമുള്ള കൃപയും നമുക്ക് ലഭിക്കണമെങ്കിൽ ദൈവകൃപ നിറഞ്ഞ് നാം ബൈബിൾ വായിക്കണം.

ബൈബിൾ ചടങ്ങിനായി വായിച്ച് തീർക്കേണ്ടതല്ല. ലളിതസുന്ദരവും ദൃഢമധുരവുമായ ഭാഷയിലാണ് ബൈബിൾ എഴുതി ചേർക്കപ്പെട്ടിരിക്കുന്നത്. ബൈബിൾ വാക്യങ്ങൾ നാം വരികളിലൂടെയും വരികൾക്ക് ഇടയിലൂടെയും നമ്മുടെ വിശ്വാസ നേത്രങ്ങൾ കൊണ്ടാണ് വായിക്കേണ്ടത്. അപ്പോഴാണ് നാം വചനത്തിന്റെ അർത്ഥവും വ്യാപ്തിയും മനസ്സിലാക്കുന്നത്. മാമ്മോദീസാ മുങ്ങുന്ന നാൾ മുതൽ പ്രാർത്ഥനയായും, മതബോധന ക്ലാസ്സുകളിൽ കഥയായും, പാട്ടായും, പിന്നീട് ഒരു ജീവിത ശൈലിയായും ക്രിസ്തീയ ജീവിതത്തെ ബൈബിൾ പ്രദക്ഷിണം വയ്ക്കുന്നുണ്ട്. പക്ഷേ നമ്മിൽ എത്രപേർക്ക് വചനം തന്റെ ജീവിതവുമായി ബന്ധപ്പെടുത്തി വായിക്കാൻ സാധിക്കുന്നുണ്ട്; അത് അനുസരിച്ച് മുന്നോട്ടു നീങ്ങാൻ സാധിക്കുന്നുണ്ട്?.

നമുക്ക് ചുറ്റും പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ, തനിയെ കുരിശു ചുമക്കേണ്ടിവരുമ്പോൾ, ചെയ്യാത്ത കുറ്റത്തിന് ക്രൂശിക്കപ്പെടുമ്പോൾ, ഉറ്റവരാലും ഉടയവരാലും ഉപേക്ഷിക്കപ്പെടുമ്പോൾ, നമ്മുടെ സമ്പത്ത് നശിക്കുമ്പോൾ, നമ്മുടെ രോഗാവസ്ഥയിൽ ദൈവ വചനങ്ങൾ മുഖാമുഖംവെച്ച് വായിക്കുവാൻ നമുക്ക് കഴിയാറുണ്ടോ? ജോബിനെപോലെ ദൈവഹിതത്തിന് കീഴ്‌വഴങ്ങി ദൈവത്തിലുള്ള വിശ്വസ്ഥതയിൽ, കഠിന പരീക്ഷണങ്ങളിൽ അചഞ്ചലരായി നിലകൊള്ളാൻ കഴിയുന്നുണ്ടോ?

ജെറമിയ 29:11 ൽ പറയുന്ന ദൈവവചനത്തിൽ

വിശ്വസിക്കുന്ന നമുക്ക്, നമ്മുടെ പദ്ധതികൾ തകർന്നാലും തെല്ലും ആശങ്കയുണ്ടാകുകയില്ല. കാരണം നമുക്ക് അറിയാം, അത് നമ്മുടെ നാശത്തിനുവേണ്ടിയല്ല, മറിച്ച് ക്ഷേമത്തിനു വേണ്ടിയുള്ളതാണെന്ന്. ജീവിതനൗക മുന്നോട്ട് കൊണ്ടുപോകാനാവാതെ നിരാശരായി നിൽക്കുമ്പോൾ ഓർക്കുക, കാറ്റിനെയും കടലിനെയും ശാന്തനാക്കിയവൻ, എല്ലാറ്റിനെയും അതിജീവിച്ചവൻ നമ്മുടെ ഒപ്പമുണ്ട്.

മത്തായിയുടെ സുവിശേഷം 25-ാം അദ്ധ്യായത്തിൽ അവസാനവിധിയെക്കുറിച്ച് വായിക്കുമ്പോൾ വിധി ദിനത്തിൽ ദൈവം ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം മുട്ടിനിൽക്കുന്ന അവസ്ഥയെക്കുറിച്ച് നാം എത്രപേർ ചിന്തിച്ചിട്ടുണ്ട്? വിചിന്തനം ചെയ്തു നാം ആ വചനഭാഗം വായിച്ചിരുന്നുവെങ്കിൽ സമ്പന്നനും ദരിദ്രനും; സുഖഭോഗങ്ങളിൽ മുഴുകുന്നവനും കഷ്ടപ്പാടിന്റെ കണ്ണീരിൽ കഴിയുന്നവനും; സന്തോഷിക്കുന്നവനും ദു:ഖിക്കുന്നവനും തമ്മിലുള്ള അന്തരം വളരെ കുറഞ്ഞു പോകുമായിരുന്നു.

നാം ബൈബിളിൽ കാണുന്നു തളർവാത രോഗിയെ വിശ്വാസത്തോടെ ഈശോയുടെ സമീപത്തേയ്ക്കു കൊണ്ടുവരുന്ന സംഭവം. ആ വചനഭാഗം വായിച്ച് ധ്യാനിക്കുന്ന നമുക്ക് രോഗത്താൽ, പീഢകളാൽ, മാനസീക വ്യഥകളാൽ, പാപത്താൽ, ദൈവനിന്ദയാൽ ചുറ്റപ്പെട്ട്, തളർന്നുകിടക്കുന്ന സഹോദരങ്ങളെ ശാരീരിക മാനസീക ആത്മീയ സൗഖ്യത്തിനായി യേശുവിലേയ്ക്കു കൊണ്ടുവരാൻ സാധിക്കുന്നുണ്ടോ? അല്ലെങ്കിൽ ഈ അവസ്ഥയിൽ കഴിയുന്ന നമുക്ക് ഭഗ്നാശരാകാതെ ദൈവത്തിൽ ആശ്രയിക്കാൻ കഴിയുന്നുണ്ടോ? അബ്രഹാമിന്റെ വിശ്വാസം നീതിയായി പരിഗണിക്കപ്പെട്ടതുപോലെ നാമും ദൈവത്തിൽ പൂർണ്ണമായി വിശ്വസിച്ചാൽ, അസാധ്യതകൾ സാധ്യതകളായി മാറും. ഉയരം കുറഞ്ഞ സക്കേവൂസ് ഈശോയെ കാണാൻവേണ്ടി മരത്തിന്റെ മുകളിൽ കയറുന്നതായി നാം വായിക്കുന്നു. എല്ലാവിധ പൂർണ്ണതകളുടെയും നടുവിൽ കഴിയുന്ന നാം ഈശോയെ കാണാൻ ശ്രമിക്കുന്നുണ്ടോ? നാം നോമ്പു നോക്കുന്നു. ഉപവാസം അനുഷ്ഠിക്കുന്നു, ദേവാലയത്തിൽ കാണിക്ക ഇടുന്നു, എന്നിട്ടും പലപ്പോഴും ഈശോയെ കാണാൻ സാധിക്കുന്നില്ല. സമൂഹത്തിൽ പിന്തള്ളപ്പെട്ട പാപികളോടും, ചുങ്കക്കാരോടും യേശു ഗാഢമായ സ്നേഹബന്ധം പുലർത്തിയിരുന്നു. എതിർപ്പുകളെ അവഗണിച്ച് അവർക്കുവേണ്ടി നിലകൊണ്ടിരുന്നു. പാവങ്ങളോടും ബലഹീനരോടും എപ്പോഴും അവന് സഹാനുഭൂതിയുണ്ടായിരുന്നു. എന്നാൽ നമുക്കോ?

മൂല്യങ്ങളുടെ പരിശീലനകളരികൾക്ക് നിയമങ്ങൾ മാത്രം ഉണ്ടായാൽ പോരാ; മറിച്ച് അനുകമ്പയും സഹാനുഭൂതിയും ഉണ്ടാകണം. നമ്മിൽ ആരാണ് പാപം ചെയ്യാത്തവർ? പാപിനിയായ സ്ത്രീയുടെ ഉപമയിലൂടെ ഈശോ പഠിപ്പിക്കുന്നതും ഇതുതന്നെയല്ലേ? സ്നേഹം, കരുണ, ക്ഷമ, ദയ മുതലായ മൂല്യങ്ങളിൽ ഊന്നി ജീവിക്കാനുള്ള പ്രചോദനവും, സ്വാർത്ഥത വെടിഞ്ഞ് എല്ലാവർക്കും എല്ലാമായി ജീവിക്കാനുള്ള പ്രേരണ ബൈബിളിന്റെ പല ഭാഗത്തും രേഖപ്പെടുത്തിയിട്ടുണ്ട്. 1കൊറിന്തോസ് 9-ാം അദ്ധ്യായത്തിൽ പറയുന്നതുപോലെ- "സുവിശേഷത്തിൽ ഭാഗഭാക്കാകുന്നതിനുവേണ്ടി നാം ഈശോയെ പോലെ ബലഹീനരെ നേടേണ്ടതിന് ബലഹീനരാകണം; എല്ലാ പ്രകാരത്തിലും കുറെപേരെ രക്ഷിക്കേണ്ടതിന് നാം എല്ലാവർക്കും എല്ലാം ആകണം".

അങ്ങനെ ഉൽപ്പത്തി മുതൽ വെളിപാട് വരെയുള്ള പുസ്തകങ്ങൾ വായിച്ച്, ധ്യാനിച്ച് കടന്നുപോകുമ്പോൾ, നമ്മുടെ ജീവിതം സുവിശേഷ സത്യവുമായി പൊരുത്തപ്പെട്ടു വേണം പോകാൻ. സകല ജനതകൾക്കും, ജീവിതത്തിന്റെ ഏത് അവസ്ഥയിലും വേണ്ടുന്ന വചനം ബൈബിളിൽ ഉണ്ട്. ക്ഷമിക്കാൻ, സ്നേഹിക്കാൻ, ജീവിതത്തിന്റെ ഏറ്റവും ശോചനീയ അവസ്ഥയിൽപോലും ദൈവത്തിന്റെ ആനന്ദം കണ്ടെത്താൻ വചനം നമ്മെ പഠിപ്പിക്കും. ആന്തരിക നയനങ്ങളെ

(ശേഷം പേജ് -21)



# ഉണ്ണീശോ ഒരു സ്നേഹ സമ്മാനം



നീതു ബാബു

രക്ഷകന്റെ വരവിനായി കാത്തിരുന്ന ലോകത്തിന്, പിതാവായ ദൈവം തന്റെ പ്രിയപുത്രനെ നൽകുന്നു. രക്ഷകൻ പരിശുദ്ധ അമ്മയുടെ ഉദരത്തിൽ പരിശുദ്ധാത്മാവിനാൽ രൂപം കൊണ്ട് ശിശുവായി പിറന്നതിന്റെ ഓർമ്മയാണല്ലോ ക്രിസ്മസ്. ക്രിസ്മസിനായി നോമ്പെടുത്ത് ഒരുങ്ങുന്ന നാം യഥാർത്ഥത്തിൽ ഒരു രക്ഷകന്റെ വരവിനായി ഒരുങ്ങുന്നുണ്ടോ എന്ന് ചിന്തിക്കാം.

ആദിമാതാപിതാക്കളുടെ പാപം മൂലം സ്വർഗ്ഗം നഷ്ടപ്പെട്ട മനുഷ്യവംശത്തിന് അത് വീണ്ടെടുക്കാനുള്ള ഒരു അവസരം പിതാവായ ദൈവം നൽകുന്നുണ്ട്. അതിനായിട്ടാണ് തന്റെ ഏകജാതനെ ലോകത്തിലേയ്ക്കയക്കുന്നത്. എന്നാൽ ലോകത്തിന് ഈ രക്ഷകനെ നൽകാൻ ദൈവം തിരഞ്ഞെടുക്കുന്നത് മറിയത്തെയാണ്. ഒരു ദിവസം പെട്ടെന്ന്, മാലാഖ മറിയത്തിന് പ്രത്യക്ഷപ്പെടുകയല്ല ഉണ്ടായത്. മറിയത്തിന്റെ ജനനത്തിന് മുൻപേ തന്നെ ദൈവം ഇതിനായി മറിയത്തെ തിരഞ്ഞെടുത്തിരുന്നു. മക്കളെ പ്രതീക്ഷിച്ചിരുന്ന ജൊവാക്കിമിനും അന്നായ്ക്കും ദൈവം നൽകിയ സമ്മാനമായിരുന്നു മേരി. എന്നാൽ മറിയത്തിനും ജോസഫിനും മാത്രമല്ല, എല്ലാ ലോകജനതയ്ക്കുമായി ദൈവം നൽകിയ സ്നേഹ സമ്മാനമാണ് ഉണ്ണിയായി പിറന്ന ഈശോ. "ഇതാ കർത്താവിന്റെ ദാസി " എന്ന ഒറ്റ വാക്കിലൂടെ മറിയം ലോകരക്ഷകന്റെ അമ്മയായിത്തീരുന്നു.

മറിയത്തിനു മുൻപിൽ പ്രത്യക്ഷപ്പെടുന്ന ഗബ്രിയേൽ മാലാഖ, മറ്റാർക്കെങ്കിലും മുൻപിലായിരുന്നു പ്രത്യക്ഷപ്പെട്ട് മംഗള വാർത്ത അറിയിച്ചതെങ്കിൽ മറിയത്തെപ്പോലെ, ദൈവദൂതന്റെ വാക്കിന് ആമ്മേൻ പറയുമായിരുന്നില്ല. നമ്മുടെയും അവസ്ഥ ഇതുതന്നെയാണ്. നാമെല്ലാവരും രക്ഷകന്റെ വരവിനായി കാത്തിരിക്കുന്നു. എന്നാൽ അതിനായി യഥാർത്ഥത്തിൽ ഒരുങ്ങുന്നുമില്ല. നമ്മുടെ ക്രിസ്മസിനായുള്ള ഒരുക്കം യഥാർത്ഥത്തിൽ ഒരു രക്ഷകനെ പ്രതീക്ഷിച്ചു

കൊണ്ടുള്ളതാണോ? ക്രിസ്തു ഈ സമയം നമ്മുടെ അടുത്തേയ്ക്കുവന്നാൽ, അഥവാ നമ്മെ ദൈവ സന്നിധിയിലേയ്ക്ക് വിളിച്ചാൽ നാം അതിനായി ഒരുങ്ങിയിട്ടുണ്ടോ?

ക്രിസ്മസ് രാത്രിയിൽ ജനിക്കാനിരിക്കുന്നത് രക്ഷകനാണ് എന്നറിഞ്ഞിരുന്നെങ്കിൽ, നമ്മെപ്പോലെത്തന്നെ യഹൂദ ജനതയും അതിനായി ഒരുങ്ങുമായിരുന്നു, മറിയത്തിന് സത്രത്തിൽ ഇടം ലഭിക്കുമായിരുന്നു. രക്ഷകനായ ഉണ്ണീശോ കാലിത്തൊഴുത്തിൽ പിറക്കുമായിരുന്നില്ല. ജനിക്കാനിരുന്ന ശിശുവിന്റെ മഹത്വം അറിഞ്ഞിരുന്നെങ്കിൽ നമ്മളും മറിയത്തിനും ജോസഫിനും നമ്മുടെ വീട്ടിൽ സ്ഥലം നൽകി, അവർക്കുവേണ്ട സൗകര്യങ്ങൾ ഒരുക്കിയിരുന്നേനെ. നമ്മുടെ മുൻപിലും സഹായം യാചിച്ചു കടന്നു പോകുന്നവരെ നാം അറിയാതെ പോകുന്നു. ദൈവം മറിയത്തിന്റെ പ്രസവസമയത്ത് അവർക്കുണ്ടാകുന്ന പ്രതിസന്ധികളെ അറിഞ്ഞുകൊണ്ട്, ഒരു കാലിത്തൊഴുത്ത് അവർക്കായി കാണിച്ചുകൊടുക്കുന്നു. ദൈവം നമുക്കും ഇതുപോലെ നൽകുന്ന ഓരോ പരീക്ഷകൾക്കും അനുയോജ്യമായ ഒരു പരിഹാരവും കണ്ടെത്തി നൽകുന്നുണ്ട്. പലപ്പോഴും നാം അത് അറിയാതെപോകുന്നു. ദൈവത്തോട് ചേർന്നു നിൽക്കുമ്പോൾ അത് തിരിച്ചറിയാൻ നമുക്ക് കഴിയും.

മറിയം ദൂതനോട് ഇത് എന്തിനാണെന്നോ, എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നുവെന്നോ ചോദിക്കുന്നില്ല. ദൈവദൂതൻ പറയുന്ന നന്മ നിറഞ്ഞവൾ എന്ന വാക്ക് സത്യമായതുകൊണ്ടാണ് മറിയത്തിന് അപ്രകാരം ഒരു എതിർപ്പും പറയാനില്ലാതിരുന്നത്. അതിനായി പരിശുദ്ധ അമ്മയെ ദൈവം ഒരുക്കിയിരുന്നു. ദൈവം നമ്മെയും ലോകത്തിലേയ്ക്കയക്കുമ്പോൾ, നമ്മെക്കുറിച്ചു വ്യക്തമായ ഓരോ പദ്ധതികളുണ്ട്. ഓരോ വ്യക്തികളുടെയും ജനനം ദൈവത്തിന്റെ ദാനമാണ്. മാതാപിതാക്കൾക്കായി ദൈവം നൽകുന്ന സ്നേഹ സമ്മാനമാണ് മക്കൾ. കർത്താവിന്റെ ദാനമാണ് മക്കൾ. ഉദരഫലം ഒരു സമ്മാനവും (സങ്കീ. 127: 3)

നമ്മുടെ ആരുടെയും ആഗ്രഹപ്രകാരമല്ല നാം ഈ ലോകത്തിലേയ്ക്ക് വന്നത്. ഈ ലോകത്തിലേയ്ക്കു പിറന്നു വീഴാൻ ഭാഗ്യം ലഭിക്കാതെ ജനനത്തിനു മുൻപേ മരണപ്പെടുന്ന ഒരുപാട് ജീവനുകളുണ്ട്. അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ നശിപ്പിക്കപ്പെടുന്ന ഒരുപാട് ജീവനുകളിൽ ഒന്നായിരുന്നു നമ്മളെങ്കിൽ, നാം ഇന്ന് ഈ ലോകത്തിൽ നമ്മുടെ കഴിവുകളിൽ അഹങ്കരിച്ച് ജീവിക്കുകയില്ലായിരുന്നല്ലോ. പിന്നെ എന്തുകൊണ്ടാണ് ദാനമായി നൽകിയ ഈ ജീവിതത്തിന് ദൈവത്തിനും മാതാപിതാക്കൾക്കും നന്ദിപറയാൻ നാം മറന്നുപോകുന്നത്? ദൈവം ദാനമായി നൽകിയ ഈ ജീവിതം കൊണ്ടും, കഴിവുകൾകൊണ്ടും അഹങ്കരിക്കുവാൻ നമുക്ക് ഒരു യോഗ്യതയുമില്ല. ചെടിയിൽ നിന്നും പറിച്ചെടുക്കുന്ന ഒരു പൂവുപോലെ, നമ്മെയും ദൈവസന്നിധിയിലേയ്ക്ക് ഒരു ദിവസം തിരിച്ചെടുക്കും.

ഉണ്ണിയായി പിറക്കുന്ന ക്രിസ്തുവിന്റെ ജനനം ഏവർക്കും സന്തോഷവും സമാധാനവും നൽകുന്നുണ്ട്. അതുകൊണ്ടാണല്ലോ നാം എപ്പോഴും ക്രിസ്മസ് ആശംസകൾക്കായി Happy Christmas എന്നെഴുതുന്നതും പറയുന്നതും. നമ്മുടെ ജീവിതം ഇതുപോലെ മറ്റുള്ളവർക്ക് സന്തോഷവും സമാധാനവും നൽകുന്നുണ്ടോ എന്ന് നമുക്കും ചിന്തിക്കാം. എന്തുകൊണ്ടാണ് നമുക്ക് അതിന് കഴിയാതെ പോകുന്നത് എന്ന് തിരിച്ചറിഞ്ഞ് പുതുവർഷത്തിൽ നമ്മുടെ ജീവിതത്തിലും മാറ്റങ്ങൾ വരുത്താം. ദൈവം ദാനമായി നൽകിയ ജീവിതംകൊണ്ട് മറ്റുള്ളവർക്ക് നന്മചെയ്തു പരിശുദ്ധ അമ്മയെപ്പോലെ നന്മനിറഞ്ഞവരാകാം. നമുക്കായി ഉണ്ണീശോ നൽകിയ സന്തോഷവും സമാധാനവും നമ്മുടെ ജീവിതത്തിലൂടെ മറ്റുള്ളവർക്കും പകർന്നു നൽകാൻ നമുക്കു കഴിയട്ടെ!

ക്രിസ്മസ് ആശംസകൾ !



# പാദങ്ങളിൽ



ഫ്രാങ്കോ സാജൻ

നാം പലപ്പോഴും പ്രാർത്ഥിക്കുമ്പോൾ ഉപയോഗിക്കുന്ന പദങ്ങളാണ് പാദത്തിലായിരിക്കാൻ.., തൃപ്പാദത്തിൽ സമർപ്പിക്കുന്നു എന്നിങ്ങനെയൊക്കെ. പലപ്പോഴും അതിന്റെ അർത്ഥതലങ്ങളിലേക്ക് നാം ശ്രദ്ധ തിരിക്കാറില്ലായിരിക്കാം. ഇതിനെക്കുറിച്ചു ദൈവകൃപയാൽ ലഭിച്ച ചില ചിന്താശകലങ്ങൾ രേഖപ്പെടുത്താൻ ആഗ്രഹിക്കുന്നു.

നമ്മുടെ ശരീരത്തിലെ ഏറ്റവും താഴെയുള്ള അവയവമാണ് പാദങ്ങൾ. മണ്ണിലും പൊടിയിലും അഴുക്കിലും ആണ് അതിന്റെ സ്ഥാനമെങ്കിലും നമ്മെ താങ്ങുകയും നാം ഉദ്ദേശിക്കുന്നിടത്തേക്ക് നമ്മെ എത്തിക്കുകയും ചെയ്യുന്ന, എന്നാൽ നാം വളരെ അപ്രധാനമായി കണക്കാക്കുന്ന ശരീരത്തിലെ അവയവം. ശരീരത്തിന്റെ മുഴുവൻ ഭാരവും അത് വഹിക്കുന്നു, അനുസരണയോടെ.

അങ്ങിനെയാണെങ്കിൽ പാദത്തിലായിരിക്കുക, പാദങ്ങളിൽ സമർപ്പിക്കുക എന്നാൽ എന്താണ് അർത്ഥം. നാം പ്രാർത്ഥിക്കുന്ന കാര്യങ്ങൾ, അല്ലെങ്കിൽ നമ്മെ സമർപ്പിക്കുമ്പോൾ അത് എളിയതായി സ്വീകരിക്കണം എന്നതല്ലേ? അതായത് നമ്മെത്തന്നെ എളിമപ്പെടുത്തുന്ന ഒരു അവസ്ഥ. എന്നാൽ അപ്രകാരമാണോ നമ്മുടെ മനോഭാവം. പ്രാർത്ഥിക്കുന്ന കാര്യം നടക്കാതെ വരുമ്പോൾ അല്ലെങ്കിൽ, നമ്മുടെ സമർപ്പണത്തിൽ സഹനങ്ങൾ അനുഭവിക്കുമ്പോൾ നാം പിറുപിറുക്കുകയും ദൈവത്തെ പഴിക്കുകയും ചെയ്യാറില്ലേ. ദൈവത്തിന് വഴങ്ങുവാൻ നാം പലപ്പോഴും തയ്യാറല്ല.

സങ്കീ. 10:17 ൽ പറയുന്നു. 'കർത്താവെ എളിയവരുടെ അഭിലാഷം അവിടുന്നു നിറവേറ്റും. അവരുടെ ഹൃദയത്തിന് ധൈര്യം പകരും. അവിടുന്ന് അവർക്ക് ചെവികൊടുക്കും.' എളിമയാണ് ദൈവം അഭിലഷിക്കുന്ന ഏറ്റവും ഉത്തമമായ പുണ്യം. ലൂക്ക 1:51-52 'ഹൃദയ വിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു. ശക്തന്മാരെ സിംഹാസനത്തിൽ നിന്ന് മറിച്ചിട്ടു. എളിയവരെ ഉയർത്തി.'

അഹങ്കാരികളെ ദൈവം വെറുക്കുന്നു. എന്നാൽ എളിയവരെ ഉയർത്തുന്നു. ദൈവത്തിന്റെ സ്വഭാവംതന്നെ എളിമയാണ്. എല്ലാം സൃഷ്ടിച്ചവനും ഏറ്റവും ഉന്നതനായവനും ആയ ദൈവം ഔന്നത്യം വെടിഞ്ഞ്, ഏറ്റവും നിസ്സാരനായി ഭൂമിയിലേക്ക് വന്നു. ഫിലി. 2:6-8 'ദൈവത്തിന്റെ രൂപത്തിലായിരുന്നുവെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി

പരിഗണിച്ചില്ല; തന്നെതന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന് ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു; മരണം വരെ-അതെ കുരിശുമരണം വരെ-അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി.' Passion of Christ ലെ ഒരു രംഗം ഓർമ്മ വരികയാണ്. ഈശോ കുരിശിൽ കിടക്കുന്നു. കുരിശിനുതാഴെ പരിശുദ്ധ അമ്മ നിൽക്കുന്നു. ഈശോയുടെ പാദങ്ങളിൽ സ്പർശിക്കുവാൻ അമ്മ കൈ ഉയർത്തുന്നു എങ്കിലും മൃദുവായി ചുണ്ടുകൾ കൊണ്ടാണ് സ്പർശിക്കുന്നത്. കൈകൊണ്ടുള്ള സ്പർശനം ഒരു പക്ഷെ ഈശോയുടെ മുറിവുകളെ കൂടുതൽ വേദനിപ്പിക്കാം എന്നതിനാലാകാം അങ്ങിനെ ചെയ്തത്.

എന്നാൽ എന്റെ മനസ്സിലൂടെ കടന്നുപോയത് മറ്റൊരു ചിന്തയായിരുന്നു. ദൈവത്തിന്റെ പുത്രനായ മിശിഹാ ബലിവേദിയിൽ (കുരിശിൽ) സ്വയം സമർപ്പിച്ചുകൊണ്ട് ബലിയർപ്പിക്കുമ്പോൾ സഹനത്തിന്റെ പാരമ്യതയിൽ വിശുദ്ധി അല്പംപോലും നഷ്ടപ്പെടുത്താത്ത ബലിവസ്തുവിൽ സ്പർശിക്കുവാൻപോലും യോഗ്യതയില്ല എന്ന എളിയമനോഭാവമല്ലേ അമ്മയ്ക്കുണ്ടായിരുന്നത് എന്നാണ് ചിന്തിച്ചുപോയത്.

ലോകത്തിലെ സകലരുടെയും പാപങ്ങൾ സ്വയം ഏറ്റെടുത്ത് സഹിക്കുമ്പോഴും പാപികളെ സ്നേഹിക്കുകയല്ലാതെ മനസ്സിൽ ചെറിയ നീരസ്സം പോലും യേശുവിന് അവരോടു ഉണ്ടായിരുന്നില്ല എന്നതാണ് വിശുദ്ധിയുടെ ആ രഹസ്യം.

മറ്റുള്ളവരുടെ തെറ്റുകൾ മൂലം നമുക്ക് സഹിക്കേണ്ടിവരുമ്പോൾ ഒരുപക്ഷേ നാം അംഗീകരിക്കുമെങ്കിലും (പലപ്പോഴും അതിനു കഴിയാറില്ല) ആ തെറ്റുകൾ മൂലം നമുക്ക് സഹിക്കേണ്ടിവന്നു എന്ന് അവരെ മനസ്സിലാക്കി കൊടുക്കാൻ എങ്കിലും നാം വെമ്പൽ കൊള്ളാറില്ലേ. അത് നമ്മുക്ക് ഏറ്റവും പ്രിയപ്പെട്ടവരായിരുന്നാൽ പോലും.

ക്രിസ്തുനാഥന്റെ മനോഭാവം അതായിരുന്നില്ല. നമ്മുടെ പാപങ്ങൾ പൂർണ്ണമായി ഏറ്റെടുക്കുകയും അവ ക്ഷമിക്കുകയുമാണ് ചെയ്തത്. അതുകൊണ്ടാണ് അവിടുന്നു ഇങ്ങനെ പ്രാർത്ഥിച്ചത്. 'പിതാവേ, അവരോട് ക്ഷമിക്കണമെ, അവർ ചെയ്യുന്നത് എന്തെന്ന് അവർ അറിയുന്നില്ല.' (ലൂക്ക 23:34) അത് ആത്മാർത്ഥമായ ഒരു പ്രാർത്ഥനയായിരുന്നു. നമ്മുടെ തെറ്റുകളെക്കുറിച്ച് ദൈവം ഒരിക്കലും നമ്മുടെ നേരെ വിരൽ ഉയർത്തുന്നില്ല- ധൂർത്ത പുത്രന്റെ ഉപമ നമുക്ക് സുപരിചതമാണല്ലോ. റോമ. 12:16 'നിങ്ങൾ അന്യോന്യം യോജിപ്പോടെ വർത്തിക്കുവിൻ; ഔദ്ധത്യം വെടിഞ്ഞ് എളിയവരുടെ തലത്തിലേക്കിറങ്ങി വരുവിൻ.'

എളിമയുടെ രാജാവായ യേശുനാഥന്റെ തിരുപ്പിറവി ആഘോഷിക്കുന്ന ഈ ക്രിസ്തുമസ് നാളുകളിൽ ഉണ്ണിയേശുവിന്റെ പാദങ്ങളിൽ നമ്മെത്തന്നെ നമുക്ക് സമർപ്പിക്കാം. അത് ദൈവത്തിന് പൂർണ്ണമായി വിധേയത്വപ്പെട്ടുകൊണ്ടുള്ള ഹൃദയത്തിൽ നിന്നുള്ള സമ്പൂർണ്ണ സമർപ്പണമായിരിക്കട്ടെ. അതിനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കാം

# വാർഷിക ധ്യാനം 2019

**ഫെബ്രുവരി 25 തിങ്കൾ മുതൽ 28 വ്യാഴം വരെ**

സമയം: വൈകുന്നേരം 7.30 മുതൽ 9.30 വരെ

നയിക്കുന്നത്: **റവ.ഡോ.ജോസഫ് കഢുപ്പിൽ**



# നിന്നെ കരുതുന്ന ദൈവം

റീന മുതുകാട്ടിൽ

'ആപത് ഘട്ടങ്ങളിൽ പതറിപ്പോകുന്നവൻ ദുർബലനത്രേ' (സുഭാ: 24:10)

സുഖിക്കുന്നതിനേക്കാളേറെ സഹിക്കുന്നവനാണ് പ്രവാസികളിൽ അധികം പേരും. എങ്ങനെയെങ്കിലുമൊന്ന് സ്വയം രക്ഷപ്പെടണം, സഹോദരങ്ങളേയും രക്ഷപ്പെടുത്തണം, എന്ന അഗ്രഹത്തോടെയാണ് നാടും വീടും വിട്ട് പറന്നുയർന്ന് ആകാശം മുട്ടുമാറ് സ്വപ്നങ്ങളോടെയാണ് വന്നിറങ്ങിയതെങ്കിലും അപ്രതീക്ഷതമായ ജീവിത യാഥാർത്ഥ്യങ്ങൾക്ക് മുൻപിൽ പതറിപ്പോയ അനേകരുണ്ട്. എല്ലാം വ്യർത്ഥ സ്വപ്നങ്ങളായിരുന്നുവെന്ന് തിരിച്ചറിഞ്ഞ നിമിഷങ്ങൾ.

ഗൾഫ് ജീവിതത്തിന്റെ മനോഹാരിതയെക്കുറിച്ചും, ജോലിയെക്കുറിച്ചും, ശമ്പളത്തെക്കുറിച്ചുമെല്ലാം നാട്ടിലുള്ള പ്രീയപ്പെട്ടവരുടെ ആകാംഷനിറഞ്ഞ ഒരായിരം ചോദ്യങ്ങൾ. ശമ്പളം കിട്ടിയാലുടനെ അയച്ചുകൊടുക്കേണ്ടതായ സാധനങ്ങളുടെ ലിസ്റ്റ്, വീട്ടേണ്ട കടങ്ങളെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലുകൾ, വീട്ടുചെലവ്, മരുന്ന്, സമ്മാനപ്പൊതികളുമായി പങ്കെടുക്കേണ്ട ആഘോഷങ്ങൾ. അങ്ങനെ ഒട്ടേറെ കാര്യങ്ങൾ ഓരോരുത്തർക്കും പറയുവാനുണ്ട്. എല്ലാവരോടും മാറിമാറി സംസാരിച്ചുകൊണ്ടിരിക്കെ ഡിസ്കണക്റ്റായ ഫോൺ കാർഡ് റീചാർജ്ജ് ചെയ്യുവാൻ പോലും പണമില്ലാത്തതു കൊണ്ടാണ് വീണ്ടും വിളിക്കാത്തതെന്ന് അവരിലൊരാൾക്കു പോലും ചിന്തിക്കാനാകില്ല.

മരുഭൂമിയിലെ കഷ്ടതകൾ ആരുമറിയാതെ ഉള്ളിലൊതുക്കി, അവ്യക്തമായ മറുപടികളോടെ സംഭാഷണം അവസാനിപ്പിച്ച ആ നാളുകൾ, ക്രമേണ വർദ്ധിച്ചുകൊണ്ടിരുന്ന കടസാധ്യതകളും, വഴിമുട്ടിയ വരുമാന മാർഗ്ഗവും, കുടുംബത്തകർച്ചയിലും നിരാശയിലും കൊണ്ടെത്തിച്ചു. മുൻപോട്ടുള്ള ജീവിതത്തിൽ പ്രത്യാശിക്കുവാനൊന്നുമില്ലാതെ ധൈര്യം ചോർന്നുപോയ നിരർത്ഥകമായ ജീവിത നാളുകൾ. നിസ്വാർത്ഥമായി സ്നേഹിക്കുവാനോ എല്ലാം പങ്കുവയ്ക്കുവാനോ എനിക്കാരുമില്ലാതെ പോയല്ലോ എന്ന ദുഃഖം.

അനാഥത്വത്തിന്റേയും, ശൂന്യതയുടേയും നാളുകളിൽ നമ്മെ മാറോടണയ്ക്കാൻ കാരുണ്യസ്പർശവുമായി നല്ലയിടയൻ ആയ ഈശോ കടന്നുവരുന്നു. എല്ലാവരും വരുമാനത്തിലേയ്ക്ക് ഉറ്റുനോക്കുമ്പോൾ അവിടുന്നു മാത്രം എന്റെ ഹൃദയത്തിലേയ്ക്ക് നോക്കുന്നു. നിന്റെ പണമല്ല, നിന്നെയാണെനിക്കു വേണ്ടത് എന്ന് യേശുമാത്രമേ നമ്മോട് പറയുകയുള്ളൂ. കാരണം നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന പരിശുദ്ധാത്മാവിനെ അസൂയയോടെ അവിടുന്നഭിലഷിക്കുന്നു. ദൈവം കൂടെയുള്ളവരുടെ ജീവിതത്തിൽ അനന്തസാധ്യതകളാണുള്ളത്. പ്രതിസന്ധികളിലേയ്ക്കും, പരിമിതികളിലേയ്ക്കും നോക്കാതെ എല്ലാറ്റിനും പരിഹാരമായ ക്രിസ്തുവിലേയ്ക്ക് നമുക്കു കണ്ണുകളുയർത്താം. ഭയപ്പെടേണ്ടാ ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു, നീ എന്റേതാണ് എന്ന് പേര് ചൊല്ലി വിളിച്ച് നമ്മോടുപറയുന്ന

(ശേഷം പേജ് -15)

# CHRIST-MASs (TREE)



ലിവിയ

കുറച്ച് വർഷങ്ങൾക്ക് മുമ്പ് സോഷ്യൽ മീഡിയ ഉപയോഗിച്ചു തുടങ്ങിയ കാലഘട്ടത്തിൽ ക്രിസ്തുമസിന്റെ സമയത്ത് പതിവുപോലെ പോസ്റ്ററുകളും ആശംസകളും നിറഞ്ഞു. പലരും ക്രിസ്തുമസ് ആശംസിച്ചപ്പോൾ അതിലെ ക്രിസ്തുവിനെ എടുത്തുമാറ്റി. ആദ്യം ഒരു പുതിയ ഫാഷൻ പോലെയോ ടൈപ്പ് ചെയ്യാൻ എളുപ്പമുള്ളതായ ഒരു ആശംസപോലെ തോന്നിയെങ്കിലും അതിന്റെ അർത്ഥം അധികം താമസിയാതെ തന്നെ ബോധ്യമായി.

ജീവനുള്ള ദൈവത്തിന്റെ വിശ്വാസത്തിൽ വളരുവാൻ ആഗ്രഹിക്കുകയും, യേശു നാമത്തിന്റെ മഹത്വവും ശക്തിയും നമ്മൾ പഠിപ്പിക്കുമ്പോൾ, വിശ്വാസികളെ അതിൽ നിന്നകറ്റുവാൻ നമ്മൾ പോലും അറിയാതെ ചിലർ നമ്മുടെ മനസ്സിൽ സ്വാധീനം ചെലുത്തുന്നു.

A for Apple എന്ന് കൊച്ചു കുട്ടികളെ പഠിപ്പിക്കുന്നതോടൊപ്പം X for X-MAS Tree എന്ന് പാഠപുസ്കത്തിൽ പോലും ഒരു പുതിയ വാക്കായി മാറി. തിരുത്താൻ ശ്രമിച്ചാലും ആവർത്തിച്ചു പഠിപ്പിക്കുമ്പോൾ നമ്മുടെ ജീവിതത്തിൽ ക്രിസ്തുമസ്, ക്രിസ്തുവിനെ ഒഴിവാക്കിയ ഒരു ആഘോഷമാക്കുവാൻ പലരും അറിഞ്ഞോ അറിയാതെയോ ശ്രമിക്കുന്നു.

ഇതുപോലെ നമ്മുടെ പല പ്രിയപ്പെട്ട പാട്ടുകളിലും പ്രാർത്ഥനകളിലും യേശുവിന്റെ നാമത്തിനുപകരമായി അല്ലെങ്കിൽ യേശുവിനേക്കാൾ കൂടുതൽ പ്രാവശ്യം ഉപയോഗിക്കുന്ന ഒരു വാക്കായി മാറ്റാൻ ശ്രമിക്കുന്നു. യേശുവിനെക്കുറിച്ച് മക്കളെ പഠിപ്പിക്കുമ്പോൾ സാത്താനെക്കുറിച്ച് മക്കൾ അത് ആരാണെന്ന് ചോദിക്കുന്നു. അനുസരണക്കേട് കാട്ടി ദൈവം ശിക്ഷിച്ച ഒരു bad angel എന്നല്ലാതെ ഒരു കൊച്ചു കുഞ്ഞിനോട് എന്തുപറയണം എന്നറിയാതെ മാതാപിതാക്കൾ സംശയിക്കുന്നു.

തന്റെ ഏകമകനെ ലോകത്തിനു നൽകി നമ്മെ വീണ്ടെടുക്കാൻ രക്ഷകനായി അവതരിച്ച യേശുവിനെ നമ്മൾ സ്വയം ഏറ്റെടുക്കുവാനും, മക്കളെ യേശുവിനോട് ചേർത്ത് നിർത്തി ലോകത്തിന്റെ ദുഷ്ടശക്തിയോട് പൊരുതി യേശുനാമം മഹത്വപ്പെടുത്തുവാൻ നമ്മുടെ ജീവിതത്തിലൂടെ നമുക്ക് ശ്രമിക്കാം.

ക്രിസ്തുമസിന്റെ ചൈതന്യവും, വിശുദ്ധിയും നമ്മുടെ ഹൃദയങ്ങളിലും, കുടുംബങ്ങളിലും നിറച്ച് അനുഗ്രഹംനിറഞ്ഞ ഒരു ക്രിസ്തുമസ് കാലത്തെക്കൂടി നമുക്ക് വരവേൽക്കാം. ദൈവം എല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

Shalom Aleichem!

# സന്തോഷത്തിന്റെ സദ്‌വാർത്ത



അനുജ ബൈജു

ക്രിസ്തുമസ് എന്നു പറയുമ്പോൾ തന്നെ നമ്മുടെ ഹൃദയത്തിലേക്ക് സന്തോഷം കടന്നു വരും. ആദ്യം മനസ്സിലേക്ക് ഓടി വരിക ക്രിസ്തുമസ്സ് കുർബാനയും, സ്റ്റാറും പുൽക്കൂടും ഒക്കെയാണ്. ചെറുപ്പത്തിൽ പരീക്ഷ കഴിയാൻ കാത്തിരിക്കും പുൽക്കൂട് ഉണ്ടാക്കാൻ.

അഗതികളുടെ അമ്മ എന്നറിയപ്പെടുന്ന കൽക്കത്തയിലെ വി.തെരേസ ഒരിക്കൽ പറഞ്ഞത് ഓർക്കുന്നു. ഈ ലോകത്ത് മനുഷ്യർ ഏറ്റവും കൂടുതൽ ദാരിദ്ര്യം അനുഭവിക്കുന്നത് സ്നേഹത്തിനുവേണ്ടിയാണ് എന്നത് വളരെ വിചിത്രമായി തോന്നി, കാരണം മനുഷ്യൻ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന വാക്ക് സ്നേഹം ആയിരിക്കെ മനുഷ്യർ സ്നേഹത്തിനുവേണ്ടി ഇത്ര ദാഹിക്കുന്നുണ്ട് എന്ന് ഓർത്തപ്പോൾ. പക്ഷെ യഥാർത്ഥത്തിൽ ആലോചിച്ച് നോക്കിയാൽ ശരിയാണ് എന്ന് മനസ്സിലാവും. നാമും ഒറ്റപ്പെട്ട നിമിഷങ്ങളിൽ നമ്മെ ആത്മാർത്ഥമായി സ്നേഹിക്കുന്നവരുടെ സാമിപ്യവും സംസാരവും എന്തുമാത്രം ആശ്വാസമാണ് നമുക്ക് നൽകുക. മനുഷ്യന്റെ ഈ സ്നേഹത്തിനുവേണ്ടിയുള്ള ദാഹം മനസ്സിലാക്കാൻ മറ്റാർക്കാണ് സാധിക്കുക, സൃഷ്ടാവിനല്ലാതെ. ദൈവം തന്റെ സ്നേഹം നമുക്ക് മനസ്സിലാക്കി തരാനാണ് വചനത്തിലൂടെ പെറ്റമ്മയേക്കാൾ നിന്നെ സ്നേഹിക്കുന്നുവെന്നും നിന്നെ ഞാൻ എന്റെ ഉള്ളം കൈയ്യിൽ രേഖപ്പെടുത്തിയിരിക്കുന്നു എന്നും പറഞ്ഞത്. പുതിയ നിയമത്തിൽ ഈശോ കുറേകൂടി വ്യക്തമായി പറഞ്ഞു തന്നു. തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു. ആ സ്നേഹം മനസ്സിലാക്കിയത് കൊണ്ടാണ് യോഹന്നാൻ ശ്ലീഹാ പറഞ്ഞത് 'കണ്ടാലും, എത്ര വലിയ സ്നേഹമാണു പിതാവു നമ്മോടു കാണിച്ചത് എന്ന്. സത്യത്തിൽ നാം എത്രമാത്രം അനുഗ്രഹീതരാണ് അല്ലേ, തന്റെ കൃപയാൽ അവിടുന്നു നമ്മെ തന്റെ സ്നേഹവലയത്തിലാക്കി.

ദൈവപിതാവിന്റെ സ്നേഹത്തെപ്പറ്റി നമുക്ക് പറഞ്ഞു തരുന്ന ഒരു ഉപമയാണ് ധൂർത്തുപുത്രന്റെ ഉപമ. സ്നേഹത്തിൽ ധൂർത്തനായ പിതാവിന്റെ സ്നേഹം മനസ്സിലാക്കാതെ സമ്പത്ത് നൽകുന്ന സന്തോഷം അനുഭവിക്കാൻ ധൂർത്തുപുത്രൻ പിതാവിനെ വിട്ടു പോയി. ആ യാത്ര അവസാനിച്ചത് പന്നിക്കൂട്ടത്തിലാണ്. ലോകത്തിന്റെ നിമിഷസുഖങ്ങൾ പലപ്പോഴും മനുഷ്യരെ കൊണ്ടെത്തിക്കുന്നത് പാപത്തിന്റെ പടുകുഴികളിലേക്കാണ്. വചനത്തിൽ പറയുന്നു, അപ്പോൾ അവനു സുബോധമുണ്ടായി. അവൻ എഴുന്നേറ്റ് പിതാവിന്റെ അടുത്തേക്കു ചെന്നു. വചനം തുടരുന്നു,



ദൂരെ വച്ചുതന്നെ പിതാവ് അവനെ കണ്ടു. തന്റെ മകൻ തിരിച്ചു വരുന്നതും കാത്ത് അവനായി കാത്തിരിക്കുന്ന പിതാവ്. എത്ര വലിയ പാപത്തിൽ വീണാലും ദൈവത്തിങ്കലേക്ക് തിരിയാൻ നമുക്ക് പ്രത്യാശ തരുന്ന വചനം ഇതാണ്. നമുക്കായി കാത്തിരിക്കുന്ന ഒരു പിതാവ്. സെന്റ് പീറ്റർ ജൂലിയൻ എയ്മാർഡ് പറയുന്നു. 'ദൈവം സ്നേഹിക്കുന്നു, ദൈവം പ്രത്യാശയോടെ കാത്തിരിക്കുന്നു. ദൈവം ചില പ്രത്യേക ദിവസങ്ങളിൽ മാത്രം അൾത്താരയിൽ വി.കുർബ്ബാനയായി വന്നിരുന്നെങ്കിൽ ഏതെങ്കിലും പാപിയായ മകൻ മാനസാന്തരപ്പെടുന്ന സമയത്ത് അവിടുത്തെ കാണാതെ, ദൈവം വരുന്ന ആ പ്രത്യേക ദിവസങ്ങൾക്കായി കാത്തിരിക്കേണ്ടി വന്നേനെ. എന്നാൽ തന്റെ മകൻ ഒരു നിമിഷം തനിക്കായി കാത്തിരിക്കുന്നതിനേക്കാൾ അവനായി വർഷങ്ങൾ കാത്തിരിക്കാനാണ് ഈ സ്നേഹപിതാവ് താല്പര്യപ്പെടുന്നത്. ഈ വരിയിലൂടെ കടന്നുപോയപ്പോൾ ധൂർത്തുപുത്രനായി കാത്തിരിക്കുന്ന പിതാവുതന്നെയല്ലേ നമ്മെയും വി.കുർബാനയിൽ കാത്തിരിക്കുന്നത്.

നാം ഒരാളെ എത്രമാത്രം സ്നേഹിക്കുന്നുണ്ട് എന്ന് എങ്ങനെ അറിയാം. നാം സ്നേഹിക്കുന്ന ആളുടെ സാമിപ്യം നാം എപ്പോഴും കൊതിക്കും. സ്നേഹിക്കുന്നവരോടൊത്ത് എത്ര സമയം ചിലവഴിച്ചാലും നമുക്ക് മതിയാവില്ല. ചിലപ്പോൾ മുൻപ് പറഞ്ഞിട്ടുള്ള കാര്യങ്ങളാണെങ്കിലും അവരോട് പിന്നെയും പിന്നെയും പറഞ്ഞാലും നമുക്ക് മടുക്കില്ല. കാരണം അവരുടെ സാമിപ്യം നമ്മെ അത്രമാത്രം സന്തോഷിപ്പിക്കുന്നു. നമ്മെ എല്ലാവരേയും ഒരുപാടു ഈശോ സ്നേഹിക്കുന്നതുകൊണ്ടല്ലേ, നമ്മുടെ സാമിപ്യം എപ്പോഴും ആഗ്രഹിച്ചതുകൊണ്ടല്ലേ നമ്മോടുള്ള സ്നേഹത്തെപ്രതി നമ്മോടൊത്തായിരിക്കാൻ അവിടുന്ന് വി.കുർബ്ബാന സ്ഥാപിച്ചത്. ഓരോ ദിവസവും വി.കുർബ്ബാനയായി നമ്മുടെ അടുത്തേക്ക് ഓടി വരികയല്ലേ നമ്മുടെ ഈശോ. നമ്മോട് സംസാരിക്കാനും നമുക്ക് പറയാനുള്ളത് കേൾക്കാനും എല്ലാത്തിനുമുപരി നമ്മോടൊത്തായിരിക്കുവാനും എത്രമാത്രം ഈശോ നമ്മെ ഓരോരുത്തരേയും സ്നേഹിക്കുന്നുണ്ട്. നമ്മെ നാം ആയിരിക്കുന്ന അവസ്ഥയിൽ മനസ്സിലാക്കാനും സ്വീകരിക്കാനും സ്നേഹിക്കാനും കഴിയുന്ന ഈശോ. എത്രവർഷം ഒരുമിച്ച് കഴിഞ്ഞാലും പരസ്പരം മനസ്സിലാക്കാൻ ഭാര്യഭർത്താക്കന്മാർക്ക് സാധിച്ചുവെന്നു വരില്ല. ഒരമ്മയുടെ വയറ്റിൽ നിന്നു വന്നു എന്നതുകൊണ്ട് നമ്മെ സ്വീകരിക്കാൻ കൂടപ്പിറപ്പുകൾക്കു കഴിഞ്ഞു എന്നു വരില്ല. ജന്മം നൽകിയതുകൊണ്ട് മാതാപിതാക്കൾക്ക് മക്കളെ സ്നേഹിക്കാൻ സാധിക്കില്ല. നമ്മുടെ കുറവുകളോടും ബലഹീനതകളോടും വീഴ്ചകളോടും കൂടെ നമ്മെ സ്നേഹിക്കുന്ന നമുക്കായി കാത്തിരിക്കുന്ന ദൈവം.

ഈ സദ് വാർത്തയുമായിട്ടല്ലേ എല്ലാ ക്രിസ്തുമസ്സും കടന്നുവരുന്നത്. ആടുകളെ കാത്തുകൊണ്ടിരിക്കുന്ന ഇടയന്മാരോട് കർത്താവിന്റെ ദൂതൻ പറഞ്ഞതുപോലെ 'ഭയപ്പെടേണ്ട, ഇതാ സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത നിങ്ങളെ ഞാൻ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു ജനിച്ചിരിക്കുന്നു.' ഇതിനേക്കാൾ വലിയ സദ്വാർത്ത എന്താണ്? പാപത്തിന്റെയും നിരാശയുടേയും ലോകത്തിൽ പ്രത്യാശയായി ഈശോ കടന്നുവരുന്നു. സ്നേഹത്തോടെ നമ്മെ കാത്തിരിക്കുന്ന ഈശോയെ സ്വീകരിക്കാൻ നമ്മുടേയും ഹൃദയങ്ങൾ ഒരുക്കാം. ക്രിസ്തുമസ്സ് ബാഹ്യമായ സന്തോഷങ്ങളിൽ മാത്രം ഒതുങ്ങി പോകാതെ, ഹൃദയമാകുന്ന പുൽക്കൂട്ടിൽ ഉണ്ണീശോ പിറക്കാനായി നമുക്ക് ആഗ്രഹിക്കാം. നമ്മെ കാണാൻ വരുന്ന, അല്ല നമ്മൊടൊത്തായിരിക്കാൻ വി.കുർബാനയിൽ വരുന്ന ഈശോയെ നമുക്കും ഈ ക്രിസ്തുമസ്സിൽ ഒരുപാടു സ്നേഹത്തോടെ സ്വീകരിക്കാം. പാതിരാ കുർബ്ബാനയിൽ നമ്മുടെ ഹൃദയത്തിലേക്ക് വരുന്ന ഈശോയോട് പറയാം. ഈശോയെ, നിന്നെ ഞാൻ സ്നേഹിക്കുന്നു.

ഈശോയ്ക്ക് കൊടുക്കാനാവുന്ന ഏറ്റവും നല്ല ഒരു പിറന്നാൾ സമ്മാനമായിരിക്കും അത്.

# പുൽത്തൊഴുത്തിലെ ഉണ്ണി





പ്രിൻസി തോമസ്

പോരുക പോരുക താരകങ്ങൾ വിളിച്ചുവല്ലോ
ചേരുക ചേരുക രാജാക്കൾ ക്ഷണിച്ചുവല്ലോ
കൂടുക കൂടെക്കൂടുക ആട്ടിടയർ പറഞ്ഞുവല്ലോ
ഉണർന്നീടാം നമുക്കുണർന്നീടാം
ഹൃദയം തുറന്നിടാം
ഹൃദയം തുറന്നിടാം... (പോരുക പോരുക..)

ബെത്‌ലഹേമിൽ
കൊച്ചു പുൽത്തൊഴുത്തിൽ
ഒരുണ്ണി പിറന്നുവല്ലോ
കൺനിറയേ കാണാൻ കൊതിച്ച രാജരാജൻ
വിണ്ണിൽ നിന്നു വന്ന യേശുനാഥൻ
വിണ്ണിൽ നിന്നു വന്ന യേശുനാഥൻ (പോരുക പോരുക..)

മേരിതൻ മകനായി പുൽക്കൂട്ടിൽ പിറന്നൊരു
ഓമനപൈതലിനായ്
കൈകുമ്പിൾ നിറയെ സ്നേഹത്തിൻ പൂക്കളും
നെഞ്ചകം നിറയെ സ്തുതികളും
കാണിക്കയായ് നൽകിടാം
കാണിക്കയായ് നൽകിടാം

ഹാലേലൂയ ഹാലേലൂയ...
ഹാലേലൂയ ഹാലേലൂയാ... (പോരുക പോരുക..)

(പേജ് -11 തുടർച്ച)

നല്ലയിടയന്റെ സ്വരം തിരിച്ചറിയുകയും, സാന്നിധ്യം അനുഭവവേദ്യവുമാകുമ്പോൾ നാം പ്രത്യാശയുള്ളവരായി മാറുന്നു.

ആശ്വാസത്തിനും രക്ഷയ്ക്കുംവേണ്ടി, സ്വയം തെരഞ്ഞെടുത്ത ലോകത്തിന്റെ മാർഗ്ഗങ്ങളെയോർത്ത് നമുക്കനുതപിക്കാം. ഒരിക്കലും പാപം ചെയ്തിട്ടില്ലെങ്കിലും എല്ലാകാര്യങ്ങളിലും നമ്മെപ്പോലെ തന്നെ പരീക്ഷിക്കപ്പെട്ടവനായതുകൊണ്ട് കരുണയും കൃപയും ലഭിക്കുന്നതിനായി കൃപാവരത്തിന്റെ സിംഹാസനത്തെ സമീപിക്കാം. ഇനിയും ലോകത്തിന്റേതെന്ന മട്ടിൽ ജീവിക്കാതെ ഉന്നതത്തിലുള്ളവയെ ലക്ഷ്യംവയ്ക്കാം. കാരണം നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാണ്. നാം വിശുദ്ധരുടെ സഹപൗരരും, ദൈവ ഭവനത്തിലെ അംഗങ്ങളുമാണ്. അന്ധകാരത്തിന്റെ പ്രവൃത്തികൾ പരിത്യജിച്ച് പകലിന് യോജിച്ച വിധം ഈ പ്രവാസനാട്ടിൽ യേശുക്രിസ്തുവിന്റെ വിശ്വസ്ത സാക്ഷികളായി മാറാം.

# വരൂ നമുക്ക് പുൽക്കൂട് ഒരുക്കാം



ഷെറിൻ അമൽ

ക്രിസ്തുമസ് കാലം വീണ്ടും വരവായി എന്ന് നമ്മുടെ മനസ്സിൽ ഒരു തോന്നൽ ഉണർന്നുവരുന്നത് എങ്ങനെയാണ്. തൂങ്ങിയ നക്ഷത്ര വിളക്കുകൾ, മഞ്ഞിന്റെ നനവുള്ള പ്രഭാതങ്ങൾ, അതിനെ തോല്പിച്ച് കടന്നു വരുന്ന സൂര്യന്റെ പ്രകാശകിരണങ്ങൾ എന്നും നന്മകൾ നിറഞ്ഞ ഓർമ്മകളാണ്.

രാത്രിയുടെ ഭീകരതയെ ഇല്ലാതാക്കിക്കൊണ്ട് ഓരോ വീടുകളിലും ഒരു പുതുവെളിച്ചം പ്രത്യക്ഷപ്പെടുന്നത് ക്രിസ്തുമസ് കാലങ്ങളിലാണ്. രാത്രികാലങ്ങളിലെ യാത്രകളിൽ നമ്മുടെ മനസ്സിൽ ഒരുപാട് സന്തോഷം തോന്നുന്ന കാഴ്ചകളാണ് ക്രിസ്തുമസ് ദിനങ്ങളിലേത്. വ്യത്യസ്തങ്ങളായ പുൽക്കൂടുകൾ, വർണ്ണകടലാസു കൊണ്ട് അലങ്കരിച്ച നക്ഷത്രവിളക്കുകൾ. ഓരോ നക്ഷത്ര വിളക്കുകളും തെളിയുന്നത് നമ്മുടെ മനസ്സിലാണ്.

നസ്രായനായ ക്രിസ്തുവിന്റെ ജനനത്തിനു വേണ്ടിയുള്ള കാത്തിരിപ്പ് -നന്മയുടെ വസന്തകാലം- അതിനുവേണ്ടിയുള്ള കാത്തിരിപ്പ്. അതായിരിക്കട്ടെ വരാനുള്ള ദിനങ്ങൾ.

നമ്മുടെ ആഡംബരങ്ങൾ കുറച്ച്, സഹജീവികളോടും രോഗങ്ങളും പലവിധത്തിലുള്ള ദുരിതങ്ങളാലും ജീവിതം ഓരോ ദിവസവും മുന്നോട്ട് കൊണ്ട് പോകാൻ ബുദ്ധിമുട്ടുന്നവർക്ക് എന്തെങ്കിലും സഹായം നൽകാൻ സാധിച്ചാൽ, ഭൂമിയിൽ അല്ല സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പിൽ നിങ്ങൾക്കുള്ള നിക്ഷേപം വലുതായിരിക്കും.

വളർന്നു വരുന്ന പുതുതലമുറയ്ക്ക് വലിയ സന്ദേശമാണ് ഓരോരുത്തരും അവരുടെ ജീവിതത്തിലൂടെ നൽകുന്നത്. ദൈവത്തിൽ നിന്ന് അകന്ന് ലഹരിയുടേയും ആഡംബരങ്ങളുടേയും മായികലോകത്തിൽ ആണ് നാമെങ്കിൽ ഒരു നല്ല പുതുതലമുറയെ വാർത്തെടുക്കാൻ ഒരിക്കലും നമുക്ക് സാധിക്കുകയില്ല. ദൈവപുത്രന് എളിയവനായി കാലിതൊഴുത്തിൽ ജനിക്കാമെങ്കിൽ നമുക്കു എളിയവരാകാൻ സാധിക്കയില്ലേ?

നവമാധ്യമങ്ങളുടെ അമിതമായ കടന്നുകയറ്റം പുതുതലമുറയെ വളരെ വലിയ തോതിൽ ആവരണം ചെയ്തിരിക്കുന്നു. കളിചിരികൾ നിറഞ്ഞ സ്വീകരണ മുറികൾ നമ്മുടെ ഭവനങ്ങളിൽ ഇനിയും ഉണ്ടാകട്ടെ. സന്ധ്യാ പ്രാർത്ഥനകൾ ഉണ്ടാകട്ടെ. തിരക്കുകൾക്ക് ഇടയിലും കുറച്ച് സമയം കുടുംബത്തോടൊപ്പം ചിലവഴിക്കാം. വരാനിരിക്കുന്ന പുതുവർഷത്തിൽ ഒരു പുതിയ വ്യക്തിയായിത്തീരാം. നാം തനിച്ചാകുമ്പോൾ നമ്മെ തനിച്ചാക്കാത്ത നല്ല ദൈവത്തെ ഏറ്റവും അടുത്ത സുഹൃത്ത് ആക്കാം. ഞാനും എന്റെ ദൈവവുമായി കുറച്ച് സമയം ആയിരിക്കാൻ ശ്രമിക്കാം. നല്ല വഴികളിലൂടെ സഞ്ചരിച്ച് നല്ല മാതൃകളായി മാറാൻ നമുക്ക് സാധിക്കട്ടെ.

പുതുമകൾ നിറഞ്ഞ പുതുവർഷവും നന്മകളാൽ സമ്പന്നമായ ഓരോ പ്രഭാതങ്ങളും നമുക്ക് ഉണ്ടാകട്ടെ. ഉണ്ണിയേശുവിനായി നന്മകൾ നിറഞ്ഞ പുൽക്കൂട് ഓരോ ഭവനങ്ങളിലും ഒരുങ്ങട്ടെ. മണ്ണിന്റെ മണമുള്ള ഓർമ്മകളും നമ്മുടെ നാടും അതിന്റെ പരിശുദ്ധിയും ഈ പ്രവാസകാലത്തും നമുക്ക് മുറുകെ പിടിക്കാം.

# ക്രിസ്തുവിന്റെ തുടർജനനം കുടുംബങ്ങളിൽ





ഷാജൻ ആന്റണി

നമ്മുടെ സഭയുടെ പ്രേഷിത പ്രവർത്തനത്തിന്റെ ഏറ്റവും ഫലപ്രദമായ ഒരു മാധ്യമമാണ് കുടുംബം. ഉൽപ്പത്തി പുസ്തകത്തിൽ വിവരിക്കുന്ന പോലെ ആദവും ഹവ്വായും ഒന്നുചേരുന്ന ആദിമകുടുംബത്തിൽ നിന്നുമാണ് ബൈബിൾ ആരംഭിക്കുന്നതുതന്നെ. കുടുംബം എന്ന സംവിധാനം ദൈവം തന്നെ സ്ഥാപിച്ചതാണ് എന്ന് പുതിയനിയമത്തിൽ യേശുവും വ്യക്തമാക്കുന്നുണ്ട്. 'സൃഷ്ടാവ് ആദിമുതലേ മനുഷ്യനെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു.' (മത്താ. 19:4) ക്രിസ്തുവിനെ അറിയുവാനും ക്രിസ്തുവിൽ ജീവിയ്ക്കുവാനുമുള്ള ആദ്യത്തെ വേദി തന്നെയാണ് കുടുംബം. യേശുവിന്റെ ജീവിതത്തിനും, സ്നേഹത്തിനും സാക്ഷ്യം വഹിക്കുന്നതിലൂടെ ഓരോ ക്രിസ്തു കുടുംബവും ലോകത്തെ മുഴുവൻ സുവിശേഷവൽക്കരിയ്ക്കുകയാണ് ചെയ്യുന്നത്. ഓരോ കുടംബങ്ങളിലൂടെയും ക്രിസ്തുവിന്റെ തുടർജനനമുണ്ടാകണം.

സ്നേഹത്തിൽ നിന്നാണ് ക്രിസ്തീയ കുടുംബങ്ങൾ ജന്മം കൊള്ളേണ്ടത്. ഇത്തരം കുടുംബങ്ങളിൽ ദൈവ നന്മയുടെ സുന്ദരദാനങ്ങളായി കുഞ്ഞുങ്ങളെ സ്വീകരിക്കുന്നു. ജനിച്ചുവീഴുന്ന ഏതൊരു ശിശുവും അവരുടെ മാതൃകയും ശക്തിയുമായി കാണുന്നത് തങ്ങളുടെ മാതാപിതാക്കളെയാണ്. കൂട്ടുകുടുംബവ്യവസ്ഥിതി നിലനിന്നിരുന്ന പഴയകാലം മുതലേ, ഗർഭാവസ്ഥയുടെ ആരംഭം മുതൽ കുഞ്ഞുങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതിന്റെ പ്രാധാന്യം നമ്മുടെ പൂർവ്വികർ മനസ്സിലാക്കിയിരുന്നു. യഥാർത്ഥത്തിൽ നാം വിദ്യാഭ്യാസമില്ലെന്നു കരുതുന്ന പ്രായംചെന്ന അപ്പാപ്പന്മാരും, അമ്മാമ്മമാരുമാണ് ഏറ്റവും ഫലപ്രദമായി വിശ്വാസാനുഭവം കുഞ്ഞുമക്കൾക്ക് പകർന്ന് കൊടുക്കുന്നത്. വി.ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ 'മതബോധനം ഇന്ന്' എന്ന അപ്പസ്തോലിക പ്രബോധനത്തിൽ എഴുതുക 'കുടുംബത്തിലെ അംഗങ്ങൾ വാക്കുകളേക്കാളുപരി തങ്ങളുടെ ജീവിത മാതൃക വഴിയാണ് പരസ്പരം വിശ്വാസ ചൈതന്യം പകരുന്നത്' എന്നാണ്.

ക്രൈസ്തവ വിശ്വാസ ജീവിതത്തിന്റെ വാതിൽ എന്നറിയപ്പെടുന്ന മാമ്മോദീസായിലൂടെ വിശ്വാസജീവിതത്തിലേയ്ക്കു പ്രവേശിക്കുന്ന ഒരു ശിശുവിന്റെ പ്രാർത്ഥനാ ജീവിതം ആരംഭിക്കുന്നത് കുടുംബത്തിൽനിന്നാണ്. നമ്മുടെ മക്കൾക്ക്, നമ്മൾ മാതൃകയും മാദ്ധ്യസ്ഥരുമായ വിശുദ്ധരുടെ പേരുകൾ നൽകുമ്പോൾ, അവർ ക്രിസ്തീയ നാമത്തിൽ അറിയപ്പെടുമ്പോൾ യഥാർത്ഥത്തിൽ നമ്മുടെ മക്കൾ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുക തന്നെയാണ് ചെയ്യുന്നത്. മാതാപിതാക്കൾ മക്കളെ ലാളിത്യത്തിൽ വളർത്തണം. നമ്മുടെ കുടുംബങ്ങളിൽ പാവങ്ങളോടുള്ള കരുതലും, പങ്കുവെയ്ക്കലും ജീവിതത്തിന്റെ അവിഭാജ്യഘടങ്ങളാക്കിമാറ്റാൻ മാതാപിതാക്കൾ കുട്ടികളെ ചെറുപ്പംമുതലേ പരിശീലിപ്പിക്കണം. മനുഷ്യജീവിതത്തിന്റെ ക്ലേശങ്ങളും, കഷ്ടപ്പാടുകളും അറിഞ്ഞാവണം അവർ വളർന്നുവരേണ്ടത്. ഓരോ കുടുംബവും വിശിഷ്ടമായ സമയം പ്ര

ഭാത, സായാഹ്ന പ്രാർത്ഥനകൾക്കായി മാറ്റി വക്കണം. ദൈവാശ്രയബോധം രൂപപ്പെടുത്തുവാനും, ദൈവപരിപാലന അനുഭവങ്ങൾക്ക് നന്ദി പറയുവാനും പ്രാർത്ഥനാസമയം ഉപയോഗിക്കുന്ന കുടുംബങ്ങൾ തലമുറകൾക്ക് ദൈവാനുഭവവേദി പകർന്നു നൽകുന്നു. പരസ്പരം സ്തുതി ചൊല്ലുമ്പോൾ തമ്മിൽ തമ്മിൽ ആദരവും ബഹുമാനവും ഉണ്ടാകുന്നതിന് അത് ഇടവരുത്തുന്നു. മനുഷ്യന്റെ വിശ്വാസജീവിതത്തിന്റെ അടിസ്ഥാനം ദൈവവചനമാണ്. നമ്മുടെ കുടുംബങ്ങളിൽ കുട്ടികൾ വചനം വായിക്കുകയും, പഠിക്കുകയും ജീവിതത്തിൽ അത് പകർത്തുകയും ചെയ്യണം. വിശുദ്ധ ലിഖിതങ്ങളോ, ദൈവത്തിന്റെ ശക്തിയോ അറിയാതെ അവർ വളർന്നാൽ അവർക്കു തെറ്റ് പറ്റും എന്ന് വചനം നമ്മെ ഓർമ്മിപ്പിക്കുന്നു.

സ്നേഹത്തിൽ അധിഷ്ഠിതമായ ദാമ്പത്യജീവിതം, കുട്ടികളുടെ ക്രിസ്തീയ രൂപീകരണം, കൂദാശകളിലുള്ള പങ്കാളിത്തം, പരസ്നേഹപ്രവർത്തനങ്ങൾ, പ്രാർത്ഥന, ജീവിതസാക്ഷ്യം തുടങ്ങിയവയാണ് കുടുംബത്തിന്റെ പ്രധാന പ്രേഷിത പ്രവർത്തനമാർഗ്ഗങ്ങൾ. സഭയുടെ ആരാധനക്രമത്തിൽ കുടുംബം മുഴുവൻ സജീവമായി പങ്കുകൊള്ളണം. ഇടവകയുടെ പ്രവർത്തനങ്ങളിൽ സഹകരിക്കുകയും, സഭയുടെ ആവശ്യങ്ങളിൽ സഹായിക്കുകയും ചെയ്യുമ്പോൾ നമ്മൾ സഭയുടെ പ്രവർത്തനങ്ങളിൽ പങ്കുകാരാകുന്നു. നിർമ്മലമായ ഭാഷയും, സംസാരരീതിയും പോലെ തന്നെ ഓരോരുത്തരുടേയും വസ്ത്രധാരണവും കുടുംബത്തിന്റെ കുലീനത്വവും, മഹത്വവും വെളിവാക്കുന്നതാകണം. നവമാധ്യമങ്ങളുടെ ഉപയോഗം ക്രിസ്തീയ മൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ടായിരിക്കുവാൻ മക്കൾക്ക് മാർഗ്ഗനിർദ്ദേശം നൽകുക എന്നത് മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധചെലുത്തേണ്ട വിഷയമാണ്. തങ്ങളുടെ ദൈവവിളികൾക്കനുസരിച്ച് ആത്മ ശരീര വിശുദ്ധിയോടെ സമർപ്പണം നടത്തുവാൻ മക്കളെ പരിശീലിപ്പിക്കുവാനും, മാതൃകയാകാനും മാതാപിതാക്കൾക്ക് കടമയുണ്ട്.

തിരുകുടുംബത്തിന്റെ മാതൃകയനുസരിച്ച് ജീവിയ്ക്കുവാനാണ് ഓരോ ക്രിസ്തീയ കുടുംബങ്ങളും വിളിയ്ക്കപ്പെട്ടിരിക്കുന്നത്. വി.യൗസേപ്പിതാവിന്റെയും പരി. മറിയത്തിന്റെയും പോലെ നമ്മുടെ കുടുംബങ്ങളിൽ ദൈവത്തിന് ഒന്നാം സ്ഥാനം നൽകുവാൻ കഴിയണം. മക്കൾ യേശുവിനെപ്പോലെ ജ്ഞാനത്തിലും, പ്രായത്തിലും, ദൈവത്തിന്റെയും മനുഷ്യരുടേയും പ്രീതിയിലും, മാതാപിതാക്കളോടുള്ള സ്നേഹത്തിലും ബഹുമാനത്തിലും അനുസരണത്തിലും വളർന്നുവരണം, അവർ നിത്യജീവൻ ലക്ഷ്യമാക്കി നന്മചെയ്ത്, പ്രാർത്ഥിച്ച് ജീവിയ്ക്കണം. വിശുദ്ധമായ ജീവിതത്തിലൂടെ ക്രിസ്തുവിനു സാക്ഷ്യം വഹിച്ചുകൊണ്ട് നമുക്കു മുൻപേ കടന്നുപോയ ഓരോ വിശുദ്ധരും നമുക്ക് മാതൃകകളാണ്. ഓരോരുത്തരും അവരവരുടെ ജീവിതകാലഘട്ടങ്ങളിലെ പ്രതിസന്ധികളെ അതിജീവിച്ച് വിശുദ്ധരായവരാണ്. 'ഇനി ഞാനല്ല ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നതെന്ന്' ജീവിതത്തിലൂടെ കാണിച്ചുതരികയും സുവിശേഷത്തെ അഗാധമായി സ്നേഹിക്കുകയും അത് പാലിക്കുകയും ചെയ്താണ് വി.ഫ്രാൻസിസ് അസ്സീസ്സിയെ രണ്ടാം ക്രിസ്തുവെന്ന് വിളിയ്ക്കുവാൻ പോലും യോഗ്യതയുള്ളവനാക്കിയത്. അതിനാൽ ക്രിസ്തു കേന്ദ്രീകൃതമായ ആത്മീയതയാണ് നാം എപ്പോഴും ലക്ഷ്യമിടേണ്ടത്.

മാതാപിതാക്കൾ ആത്മീയ വീക്ഷണമുള്ളവരും, മാതൃകാപരമായ ജീവിതം നയിക്കുന്നവരും ആണെങ്കിൽ അവരുടെ മക്കളിലും അതു പ്രതിഫലിക്കും. കുടുംബത്തിൽ നല്ല കുഞ്ഞുങ്ങളെ വാർത്തെടുത്താൽ നല്ല സമർപ്പിതരും ഉണ്ടാകും. കുടുംബ ജീവിതത്തിലൂടെ വളർത്തിയെടുക്കുന്ന നല്ല ദൈവവിളികളിലാണ് സഭയുടെ ഭാവി നിലനിൽക്കുന്നത്. നസ്രത്തിലെ കുടുംബത്തെപ്പോലെ ലാളിത്യത്തോടെ വിശ്വാസത്തിൽ അടിയുറച്ച് ജീവിച്ചുകൊണ്ട് ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായി മാറാൻ നമുക്ക് കഴിയട്ടെ.

ക്രിസ്തുവിന്റെ സമാധാനം നമ്മോടുകൂടെ ഉണ്ടായിരിക്കട്ടെ.



# രക്ഷകൻ



രാജൻ ഫ്രാൻസിസ്

മാനവ രക്ഷക്കായ് പാരിൽ പിറന്നൊരു രക്ഷകൻ
പാപത്തിന്നിരുളിൽ വസിക്കും മനുജർക്ക്
വെളിച്ചമായ് വന്നൊരു സ്നേഹസ്വരൂപൻ
ബെത്‌ലഹം പുൽക്കൂട്ടിൽ വന്നുപിറന്നുവല്ലോ

ഇല്ലായ്മകളേറെ ജീവിതമെങ്കിലും
നിൻപിറവി ഓർമ്മയിലടുത്തുവല്ലോ
ഉള്ളിലാമോദമായ് പുൽക്കൂടൊരുക്കിവച്ചു
ഉണ്ണിയായ് വന്നു പിറന്നീടുമോ

കാലം നിൻ ജന്മത്താൽ രണ്ടായ് പിളർന്നുപോയ്
കാരുണ്യ കടലാം നിൻ ജീവിതത്തിൽ
ദൈവാത്മായി പാവനരൂപൻ
ലോകത്തിൻ പാപമകറ്റിയല്ലോ

അഞ്ചപ്പമയ്യായിരങ്ങൾക്കായ് പകുത്തു നൽകി
ശിഷ്യർതൻ സംശയമകറ്റിയല്ലോ
അന്ധനു കാഴ്ചയും കുഷ്ഠരോഗിക്കു സൗഖ്യവും
നിൻകര സ്പർശത്താലേകിയല്ലോ

ഒടുവിലാ യുദതൻ ചുംബനത്താലെ
മരക്കുരിശേറിയെന്നാകിലും
മാനവ രക്ഷകൻ ഉയർത്തുവല്ലോ
താലന്തിൻ കഥയേകി നമുക്കായ്
വീണ്ടും വരുമെന്നു ചൊല്ലിയല്ലോ

ഇല്ലായ്മകളേറെ ജീവിതമെങ്കിലും
ഉള്ളിൽ പുൽക്കൂടൊരുക്കിവച്ചു
പിറവിക്കായ് കാത്തിരിക്കുന്നന്നിതാ നിന്റെ ദാസർ





# തിരക്കാണ്

## ഇന്ന് മനുഷ്യന്



ജോബി കുര്യാക്കോസ്

മനുഷ്യന് മനുഷ്യനെ തിരിച്ചറിയാതെ പോകുന്നതുകൊണ്ട് സംഭവിക്കുന്ന നടുക്കുന്ന സംഭവങ്ങളാണ് ഇന്ന് എവിടെയും...

എങ്ങോട്ടെന്നറിയാത്ത ലക്ഷ്യത്തിലേക്കു എത്താനുള്ള വ്യഗ്രതയിൽ നമ്മളൊക്കെ മറന്നു പോകുന്ന ഒന്നുണ്ട് - സ്നേഹം....

നമ്മുടെ ജീവിത്തിൽ ഉണ്ടാകുന്ന പ്രയാസങ്ങളെയും, നഷ്ടങ്ങളെയും മനസ്സിൽ നിന്നും മറക്കണം, ഒഴിവാക്കണം, നാമതിനെ തരണം ചെയ്യണം. ജീവിതം ചില പരീക്ഷണങ്ങളെ നമുക്ക് നല്കും. പക്ഷെ അതിനെ നേരിടാൻ നാം ഓരോരുത്തരും പ്രാപ്തരാകണം. നമ്മളൊക്കെ പരസ്പരം കണ്ടിട്ടും കണ്ടില്ലെന്ന് നടിക്കുന്നു. മുറിവേറ്റ് നടുറോഡിൽ രക്തത്തിൽ കുളിച്ചു കിടന്നാലും മൊബൈലിൽ ഫോട്ടോയുമെടുത്തു ഒന്നുമറിയാത്ത പോലെ ചിലപ്പോൾ നടന്നു നീങ്ങുന്നവരാകാം.

ഭൂമിയിൽ എങ്ങനെയും ഒരു ജീവിച്ചു തീർക്കലല്ലേ ജീവിതം... മണ്ണിൽ നിന്ന് തുടച്ചുനീക്കപ്പെട്ടാലും, ഒരു നിമിഷത്തെ നന്മകൊണ്ട് ചില മനസ്സുകളിൽ അനുനിമിഷം ജീവിക്കാൻ നമുക്ക് സാധിക്കും.

വീടിന് തൊട്ടടുത്ത് താമസിക്കുന്ന മനുഷ്യരെ നേരിൽ കണ്ടിട്ട് തന്നെ നാളുകളേറെയായെന്ന അവസ്ഥ, അല്ലെങ്കിൽ തൊട്ടടുത്ത വീട്ടിലെ അടുപ്പു പുകഞ്ഞിട്ടില്ലെന്ന വിവരം പോലും നമ്മളറിയുന്നില്ല...

ഭക്ഷണത്തെ കുപ്പത്തൊട്ടിയിലേക്കു വലിച്ചെറിയുമ്പോൾ നമ്മളോർക്കുന്നില്ല ഒരു നേരത്തെ ആഹാരത്തിനു വഴിയില്ലാതെ വിഷമിക്കുന്ന അനേകം പേർ നമുക്കിടയിലുണ്ടെന്ന്...

ഒരു നേരത്തെ അന്നത്തിനു വേണ്ടി കരയുന്നവരുടെ വിളിയിൽ ചെവികൊടുക്കാതെ സ്വന്തം മക്കളുടെ വിളിക്കു മാത്രം ചെവികൊടുക്കുന്നതു പരിതാപകരമാണ്...

യേശുനാഥനെപ്പോലെ മറ്റുള്ളവരുടെ തോളിൽ തട്ടി ഞാനുണ്ട് നിന്റെ കൂടെ എന്ന ഒരു വാക്കു മതി അവരുടെ ജീവിതത്തിനു പ്രകാശമേകാൻ... ഒരു വഴിത്തിരിവാകാൻ...

വല്ലപ്പോഴും നമ്മുടെ കുടുംബത്തിലുള്ളവരോട്, ദൂരെ താമസിക്കുന്നവരോട്... സുഖമാണോ, ഭക്ഷണം കഴിച്ചോ... ആരോഗ്യത്തിൽ കുറച്ചൊക്കെ ശ്രദ്ധിക്കണം... എന്നൊക്കെ ഒന്ന് പ

റഞ്ഞുനോക്കിക്കോ... അങ്ങനെയുള്ള ചെറിയ വാക്കുകൾ അവരുടെ ജീവിതത്തിൽ വലിയ സന്തോഷങ്ങൾ സൃഷ്ടിക്കുന്നത് നിങ്ങൾക്ക് കാണുവാൻ കഴിയും. പിന്നെ നമ്മുടെ ഒരു വിളിക്കായി അവർ കാത്തിരിക്കും. ഒരു സന്തോഷവും ഇല്ലാത്തവരുടെ ജീവിതത്തിൽ ഓർത്തെടുക്കാൻ ഇതുപോലെയുള്ള കൊച്ചു കൊച്ചു കാര്യങ്ങളേ ഉണ്ടാകൂ...

മനുഷ്യൻ ഒരു നിശ്വാസം മാത്രം. അല്ലെങ്കിൽ വെറും ഒരു നിഴൽ മാത്രം. അവന്റെ ബദ്ധപ്പാടുകൾ മുഴുവനും വെറുതെയാണ്. ഭൂമിയിൽ കഷ്ടപ്പാടുകൾ സഹിച്ചു വെറുതെ സമ്പാദിച്ചുകൂട്ടുന്നു. എന്നാൽ ആരത് അനുഭവിക്കുമെന്ന് അവനു പോലും അറിയില്ല.

ലോകം മുഴുവൻ മാറ്റിമറിക്കാൻ നമുക്കാവില്ല.. പക്ഷെ ചിലരുടെ ലോകത്തു നമുക്ക് പലതും ആകാൻ കഴിയുമെന്നോർക്കുക....

നമ്മൾ മൂലം ചിലരുടെ മിഴികളിൽ ആനന്ദാശ്രുക്കൾ പൊഴിയുന്നുണ്ടെങ്കിൽ, മണിമാളികകളിൽ കിടന്നിട്ടും ലഭിക്കാത്ത മനസമാധാനത്തിന്റെ സുഖനിദ്ര അനുഭവിക്കാൻ കഴിയുമെന്നോർക്കുക.

വിശപ്പാണ് വലിയ സത്യം. വിശക്കുന്നവന്റെ വിശപ്പുമാറ്റാൻ, നമുക്ക് മനസ്സുണ്ടാവണം. ഞാൻ കാരണമല്ല അവർ അങ്ങനെയായത്, അല്ലെങ്കിൽ പട്ടിണികിടക്കുന്നത് എന്ന് ചിന്തിക്കാതെ... അവർ ഒരു നേരത്തെ വിശപ്പ് അകറ്റിയത് ഞാൻ കാരണമാണ് എന്ന് അഭിമാനിക്കാൻ നമുക്ക് ഓരോരുത്തർക്കും അവസരമുണ്ടാക്കാം.

'കർത്താവേ, എന്നെ കൈവിടരുതേ... എന്റെ ദൈവമേ, എന്നിൽ നിന്ന് അകന്നിരിക്കരുതേ.. എന്റെ രക്ഷയായ കർത്താവേ, എന്നെ സഹായിക്കുവാൻ വേഗം വരണമേ.' (സങ്കീ. 38:21–22)

ദൈവം സമൃദ്ധമായി ഓരോരുത്തരേയും അനുഗ്രഹിക്കട്ടെ.

പേജ് –6 തുടർച്ച

നേരിടാൻ ഇരുട്ടിൽ വെളിച്ചമേകുന്ന ഒരു ശക്തി നമ്മിലേയ്ക്ക് വചനത്തിലൂടെ ഒഴുകും. എല്ലാറ്റിനും ഉപരിയായി നാമും ദൈവവുമായിട്ടുള്ള ഒരു വ്യക്തിബന്ധം സ്ഥാപിക്കാൻ കഴിയും വചന പാരായണത്തിലൂടെ. നമ്മുടെ ജീവിതത്തിൽ നിന്നും സമൂഹത്തിൽ നിന്നും മാറ്റേണ്ടവയെ മാറ്റാനുള്ള ധൈര്യവും മാറ്റപെടാത്തവയോട് പൊരുത്തപ്പെടാനുള്ള വിവേകവും ഇവ വിവേചിച്ചറിയാനുള്ള ജ്ഞാനവും ബൈബിളിലൂടെ നമുക്ക് ലഭിക്കും. വചനത്തിലൂടെ ദൈവത്തിന്റെ സ്വരം – നന്മയുടെ സ്വരം – നമ്മുടെ ഹൃദയങ്ങളിൽ മുഴങ്ങി കേൾക്കട്ടെ. അങ്ങനെ സ്നേഹത്താൽ നിറഞ്ഞ സുവിശേഷങ്ങൾ ആകാൻ ശ്രമിക്കാം. തിരുവചനത്തിലധിഷ്ഠിതമായി ജീവിതം ക്രമീകരിക്കാം. ഈശോയോടൊപ്പം, വചനത്തോടൊപ്പം ജീവിതം ആഘോഷമാക്കാം.

ഉണ്ണിമിശിഹായുടെ ജനന തിരുനാൾ കൊണ്ടാടുന്ന ഈ വേളയിൽ, വചനം മാംസമായി അവതരിച്ചതിന്റെ ദിവ്യാനുസ്മരണം കൊണ്ടാടുന്ന ഈ പുണ്യാവസരത്തിൽ വചനത്തെ നമ്മുടെ ഹൃദയത്തോട് ചേർക്കാം, മറ്റുള്ളവരിലേയ്ക്ക് പകരാം. ആശ്രയമായും അനുഗ്രഹമായും ദൈവപുത്രൻ ഭൂമിയിൽ പിറവി എടുത്ത് എന്നും ആ ദൈവപുത്രൻ വചനത്തിലൂടെ ഇന്നും നമ്മോട് സംസാരിക്കുന്നുവെന്നും സകല ജനതകളും അറിയുവാൻ ഇടയാകട്ടെ. അങ്ങനെ മാനുഷിക ബുദ്ധിയ്ക്കും, ചിന്തയ്ക്കും അപ്രാപ്യമായ ഒരു സമാധാനം വചനത്തിലൂടെ അനുഭവിച്ചറിയാൻ നമുക്ക് ഇടവരുത്തട്ടെ എന്ന പ്രാർത്ഥനയോടെ.












With Best Compliments From:
KELETRON







# വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ

**2019 ഫെബ്രുവരി 01 ന് വെള്ളിയാഴ്ച**
**11 am(ഗേൾസ് ഹൈസ്ക്കൂൾ ഗ്രൗണ്ടിൽ)**

**ആഘോഷമായ പാട്ടുകുർബാന, ലദീഞ്ഞ് തുടർന്ന് ഭക്തി നിർഭരമായ പ്രദക്ഷിണം, അമ്പ് വണങ്ങൽ, നേർച്ചവിതരണം**

## മലയാളത്തിലുള്ള ദിവ്യബലി സമയം

- **എല്ലാവെള്ളിയാഴ്ച്ചയും : ഉച്ചകഴിഞ്ഞ് 2:00 മണിക്ക്**
- എല്ലാ മാസവും ആദ്യ വ്യാഴാഴ്ച്ച : വൈകുന്നേരം 8:00 മണിക്ക്, തുടർന്ന് ഒപ്പീസ്
- എല്ലാ മാസവും മൂന്നാമത്തെ വ്യാഴാഴ്ച്ച : വൈകുന്നേരം 8:00 മ ണിക്ക്, തുടർന്ന് വി. അന്തോണീസിനോടുള്ള നൊവേന
- എല്ലാ മാസവും നാലാമത്തെ ബുധനാഴ്ച്ച : വൈകുന്നേരം 8:00 മണിക്ക്

**മലയാളത്തിലുള്ള ദിവ്യബലി സമയം (മലങ്കര റീത്തിൽ)**

എല്ലാ വെള്ളിയാഴ്ച്ചകളിലും : വൈകുന്നേരം 7.30 മണിക്ക്, മിനി ഹാളിൽ

**കരിസ്മാറ്റിക് പ്രാർത്ഥനാ സമയം**

1. എല്ലാ മാസവും ആദ്യവെള്ളിയാഴ്ച്ചകളിൽ : ഉപവാസപ്രാർത്ഥന (രാവിലെ 10:30 മുതൽ 1:40 വരെ)
2. എല്ലാ തിങ്കളാഴ്ച്ചകളിലും : പ്രാർത്ഥനാ കൂട്ടായ്മ - മെയിൻ ഹാളിൽ (വൈകുന്നേരം 7:30 മുതൽ 9:00 വരെ)
3. എല്ലാ വെള്ളിയാഴ്ച്ചകളിലും (ആദ്യ വെള്ളിയാഴ്ച്ച ഒഴികെ) : മധ്യസ്ഥപ്രാർത്ഥന - റൂം നമ്പർ 6-ൽ വച്ച് (രാവിലെ 10:00 മുതൽ 11:00 വരെ)

**ജീസസ് യൂത്ത് പ്രാർത്ഥനാ സമയം**

എല്ലാ വെള്ളിയാഴ്ച്ചകളിലും 02:00 മണിക്കുള്ള മലയാളം ദിവ്യബലിക്കുശേഷം
(സ്ഥലം: റും നമ്പർ 6 - മിനിഹാൾ ബിൽഡിംഗ്)

**നഴ്സസ്മിനിട്രി പ്രാർത്ഥനാസമയം**

എല്ലാ ശനിയാഴ്ച്ചകളിലും വൈകുന്നേരം 6 - 8 മണിവരെ
(സ്ഥലം: റും നമ്പർ 2 - മിനിഹാൾ ബിൽഡിംഗ്)

**കുമ്പസാരത്തിനുള്ള സമയം**

മലയാളത്തിൽ കുമ്പസാരിക്കുവാനുള്ള സമയക്രമീകരണങ്ങൾക്ക് സന്ദർശിക്കുക

**www.abbadubai.org.**

VAGDANAM - Dubai Malayalee Catholic Congregation Newsletter
Issue No.: 52 December 2018
For Private Circulation Inside the Church Compound Only

